Reg. No. : .....................................

Name : .......................................

**Code No. 9029**

**Second Year – March 2018**

Time : **2** Hours
Cool-off time : 15 Minutes

Part – III

# GEOGRAPHY

Maximum : 60 Scores

**(One Map to Accompany)**

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

## SECTION – A

**(Answer all questions from 1 to 6. Each question carries 1 score.) (Scores : 6 × 1 = 6)**

1. The one which is not directly related to human development.

   (a) Size of the territory (b) Higher life expectancy

   (c) Access to knowledge (d) Access to resources

2. In Russia highways are not as important as railways, because

   (a) Highways are not as long as railways.

   (b) Vast geographical area of the country.

   (c) Highway network is not that much developed.

   (d) Vast climatic variation in the country.

3. The lower limit of the population size for a settlement to be designated as urban in India.

   (a) 250 persons (b) 500 persons

   (c) 5000 persons (d) 2500 persons

4. The cultivable land left uncultivated for more than a year but less than five years is called

   (a) Current fallow (b) Fallow other than current fallow

   (c) Waste land (d) Net area sown

5. The port which is popularly known as 'Queen of the Arabian Sea'.

   (a) Kandla Port (b) Mumbai Port

   (c) New Mangalore Port (d) Kochchi Port

6. 'Smog' is due to

   (a) Air Pollution (b) Land Pollution

   (c) Water Pollution (d) Noise Pollution

## SECTION – A

**(1 മുതൽ 6 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.)** **(സ്കോർസ് : 6 × 1 = 6)**

1. മനുഷ്യ വികസനവുമായി നേരിട്ട് ബന്ധമില്ലാത്തത്.
   (a) ഭൂപ്രദേശത്തിന്റെ വലിപ്പം (b) ഉർന്ന ആയുർദൈർഘ്യം
   (c) അറിവ് ലഭ്യത (d) വിഭവ ലഭ്യത

2. റഷ്യയിൽ ഹൈവേകൾക്ക് റെയിൽ പാതകളുടെ അത്ര പ്രാധാന്യമില്ലാത്തതിനുള്ള കാരണം.
   (a) ഹൈവേകൾക്ക് റെയിൽ പാതകളുടെ അത്ര നീളമില്ല.
   (b) അതിഭീമമായ രാജ്യ വിസ്തൃതി.
   (c) ഹൈവേ ശൃംഖല അത്രകണ്ട് വികസിതമല്ല.
   (d) രാജ്യത്തിലെ വിപുലമായ കാലാവസ്ഥാ വൈവിധ്യം

3. ഇന്ത്യയിൽ ഒരു വാസസ്ഥലം നഗരമായി പരിഗണിക്കുന്നതിന് ആവശ്യമായ കുറഞ്ഞ ജനസംഖ്യാ പരിധി
   (a) 250 ആളുകൾ (b) 500 ആളുകൾ
   (c) 5000 ആളുകൾ (d) 2500 ആളുകൾ

4. ഒരു വർഷത്തിനു മുകളിലും അഞ്ച് വർഷത്തിനു താഴെയും തരിശായിട്ടിരിക്കുന്ന കൃഷി ഭൂമിയെ പറയുന്നത്
   (a) തന്നാണ്ട് തരിശ് ഭൂമി (കറന്റ് ഫാലൊ)
   (b) തന്നാണ്ട് തരിശൊഴികെയുള്ള തരിശ് ഭൂമി
   (c) പാഴ്ഭൂമി
   (d) അറ്റ വിത ഭൂമി

5. 'അറബികടലിന്റെ റാണി' എന്നറിയപ്പെടുന്ന തുറമുഖം
   (a) കാണ്ട്ല തുറമുഖം (b) മുംബൈ തുറമുഖം
   (c) ന്യൂ മാംഗ്ലൂർ തുറമുഖം (d) കൊച്ചി തുറമുഖം

6. 'പുകമഞ്ഞ്' ഉണ്ടാകാനുള്ള കാരണം
   (a) വായു മലിനീകരണം (b) കര മലിനീകരണം
   (c) ജല മലിനീകരണം (d) ശബ്ദ മലിനീകരണം

## SECTION – B

**(Question Nos. 7 – 14. Answer any six. Each question carries 2 scores.)** **(Scores : 6 × 2 = 12)**

7. Population decline is also a matter of concern as population growth. Examine.

8. Name the balance of trade that leads to the exhaustion of a country's financial reserve. Cite reasons for it.

9. Distinguish between the positive and negative growth of population.

10. Match the items in column A with that of B :

| | A | B |
|---|---|---|
| (a) | 1930s through the inter-war period | Post modernism in geography |
| (b) | Late 1950s to late 1960s | Regional analysis |
| (c) | Later colonial period | Areal differentiation |
| (d) | In the 1990s | Spatial Organisation |

11. Give two reasons for the low level of human development in most of the northern states of India.

12. In India, females predominate in intrastate rural to urban migration while males predominate in interstate rural to urban migration. Why ?

13. List out any four factors that determine the location of large scale industries.

14. How does sectoral planning differ from regional planning ?

## SECTION – C

**(Question Nos. 15 – 22. Answer any six. Each question carries 3 scores.)**

**(Scores : 6 × 3 = 18)**

15. Identify the age - sex pyramids suited to Bangladesh, Australia and Japan and mention any one characteristic feature of each of them.

16. Even though Norway is smaller than the USA in size and economy, it ranks higher in human development than the USA. Why ?

## SECTION – B

**(7 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.)** **(സ്കോർസ് : 6 × 2 = 12)**

7. ജനസംഖ്യ കുറയുന്നത് ജനസംഖ്യാ വർദ്ധനവു പോലെതന്നെ ആശങ്കയുണർത്തുന്നതാണ്. പരിശോധിക്കുക.

8. ഒരു രാജ്യത്തിന്റെ സാമ്പത്തിക ശേഖരത്തെ ചോർത്തിക്കളയുന്ന വ്യാപാര സന്തുലനത്തിന്റെ പേരെഴുതുക. അതിനുള്ള കാരണങ്ങളെഴുതുക.

9. അനുകൂല ജനസംഖ്യാ വളർച്ചയും പ്രതികൂല ജനസംഖ്യാ വളർച്ചയും തമ്മിലുള്ള വ്യത്യാസമെഴുതുക.

10. കോളം A യ്ക്ക് അനുയോജ്യമായവ കോളം B യിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക :

| | A | B |
|---|---|---|
| (a) | രണ്ട് ലോക യുദ്ധങ്ങൾക്കിടയിൽ 1930 കളിലെ കാലം | ഭൂമിശാസ്ത്രത്തിലെ ഉത്തരാധുനികത |
| (b) | 1950 കളുടെ ഒടുവിൽ മുതൽ 1960 കളുടെ ഒടുവിൽ വരെ | മേഖലാ വിശകലനം |
| (c) | പിൽക്കാല കോളനിവൽക്കരണം | പ്രാദേശിക വ്യതിയാനങ്ങൾ |
| (d) | 1990 കളിൽ | സ്ഥാനീയ സംഘാടനം |

11. ഉത്തരേന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലേയും താഴ്ന്ന മനുഷ്യ വികസനത്തിനുള്ള രണ്ടു കാരണങ്ങൾ എഴുതുക.

12. ഇന്ത്യയിൽ സംസ്ഥാനങ്ങൾക്കുള്ളിൽ ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റങ്ങളിൽ സ്ത്രീകൾ മുന്നിട്ട് നിൽക്കുന്നു എന്നാൽ അന്തർ സംസ്ഥാന ഗ്രാമ-നഗര കുടിയേറ്റങ്ങളിൽ പുരുഷന്മാർ മുന്നിട്ട് നിൽക്കുന്നു. കാരണങ്ങളെഴുതുക ?

13. വൻകിട വ്യവസായങ്ങളുടെ സ്ഥാന നിർണ്ണയ ഘടകങ്ങളിൽ ഏതെങ്കിലും നാലെണ്ണം പട്ടികപ്പെടുത്തുക.

14. പ്രാദേശിക ആസൂത്രണവും മേഖലാ ആസൂത്രണവും തമ്മിലുള്ള വ്യത്യാസങ്ങളെഴുതുക ?

## SECTION – C

**(15 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.)** **(സ്കോർസ് : 6 × 3 = 18)**

15. ബംഗ്ലാദേശ്, ഓസ്ട്രേലിയ, ജപ്പാൻ എന്നീ രാജ്യങ്ങൾക്ക് അനുയോജ്യമായ പ്രായ-ലിംഗ പിരമിഡുകൾ ഏതൊക്കെയെന്ന് തിരിച്ചറിഞ്ഞ് അവയുടെ ഓരോ സവിശേഷതകൾ വീതം എഴുതുക.

16. വലുപ്പവും സമ്പദ് വ്യവസ്ഥയിലും അമേരിക്കൻ ഐക്യനാടുകളെകാൾ ചെറുതാണ് നോർവെ. എങ്കിലും മനുഷ്യ വികസനത്തിൽ അമേരിക്കൻ ഐക്യനാടുകളെക്കാളും മുന്നിലാണ്. കാരണമെന്ത് ?

17. **Observe the map and answer the following questions :**




(i) In the map, A and B represent a sea route and a trans-continental railway respectively. Identify them. **(Score : 1)**

(ii) Name the terminals of this trans-continental railway. **(Score : 1)**

(iii) Why the sea route mentioned above is called 'Big Trunk Route' ? **(Score : 1)**

18. **Observe the diagram and answer the following questions :**




(i) Identify any two rural settlement patterns found in the area depicted. **(Scores : 2)**

(ii) Cite the reasons for the formation of such patterns. **(Score : 1)**

17. **ഭൂപടം നിരീക്ഷിച്ച് ചുവടെ ചേർത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :**




(i) ഭൂപടത്തിൽ A, B എന്നിവ യഥാക്രമം ഒരു സമുദ്രപാതയേയും ഭൂഖണ്ഡാന്തര റെയിൽപാതയേയും സൂചിപ്പിക്കുന്നു. അവ ഏതൊക്കെയെന്ന് കണ്ടെത്തുക. **(സ്കോർ : 1)**

(ii) ഈ ഭൂഖണ്ഡാന്തര റെയിൽപാതയുടെ ടെർമിനലുകളുടെ പേരെഴുതുക. **(സ്കോർ : 1)**

(iii) മുകളിൽ സൂചിപ്പിച്ച സമുദ്രപാത 'ബിഗ് ട്രങ്ക് റൂട്ട്' എന്നറിയപ്പെടുന്നതിനുള്ള കാരണം ? **(സ്കോർ : 1)**

18. **ചിത്രം നിരീക്ഷിച്ച് ചുവടെ ചേർത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :**




(i) ചിത്രത്തിൽ കാണിച്ചിട്ടുള്ള പ്രദേശത്തിലെ ഏതെങ്കിലും രണ്ട് ഗ്രാമീണ വാസസ്ഥല മാതൃകകൾ തിരിച്ചറിയുക. **(സ്കോർസ് : 2)**

(ii) ഇത്തരം രൂപ മാതൃകകൾ രൂപപ്പെടാനുള്ള കാരണങ്ങളെഴുതുക. **(സ്കോർ : 1)**

19. Mention the factors responsible for the fast depletion of water resources in India. Suggest a few measures for the conservation of water resources.

20. Oil from Kandla Port is to be transported to the refinery at Mathura. Suggest the cheapest mode of transport here and list out its advantages.

21. Classify the following Indian towns on the basis of their evolution :

| | |
|---|---|
| • Madurai | • Hyderabad |
| • Delhi | • Pataliputra |
| • Mumbai | • Chennai |

22. In India minerals are generally concentrated in three broad belts. Give an account of them.

## SECTION – D

**(Question Nos. 23-26. Answer any three. Each question carries four scores.)**

**(Scores : 3 × 4 = 12)**

23. State the differences between the cultivation of rice and wheat in India with respect to the following :
    - The main cropping seasons
    - The state leading in production of these crops.
    - The climatic region where they are primarily grown.
    - India's share in the production of these crops in the world.

24. Mention the characteristic features of any two Industrial regions in India.

25. Industries can generally be classified on the basis of four factors. List out them and give two examples for each.

26. Define the term transport. How can the transport distance be measured ?

19. ഇന്ത്യയിൽ ജല വിഭവങ്ങൾക്ക് വളരെ വേഗത്തിൽ ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതിനു കാരണമായ ഘടകങ്ങൾ ഏതെല്ലാം ? ജല വിഭവ സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

20. കാണ്ട്‌ലയിൽ നിന്നും മഥുരയിലെ ശുദ്ധീകരണ ശാലയിലേക്ക് എണ്ണ കൊണ്ടു പോകുന്നതിന് ഏറ്റവും ചിലവു കുറഞ്ഞ ഗതാഗത മാർഗ്ഗമേതെന്ന് നിർദ്ദേശിച്ച് അതിന്റെ മേന്മകൾ പട്ടികപ്പെടുത്തുക.

21. പരിണാമത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ നല്കിയിട്ടുള്ള ഇന്ത്യൻ പട്ടണങ്ങളെ വർഗ്ഗീകരിക്കുക :

- മഥുര
- ഹൈദരാബാദ്
- ഡൽഹി
- പാടലിപുത്ര
- മുംബൈ
- ചെന്നൈ

22. ഇന്ത്യയിൽ ധാതുക്കൾ പൊതുവിൽ മൂന്ന് വിശാല മേഖലകളിലായി കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. അവയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

## SECTION – D

**(23 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.)** **(സ്കോർസ് : 3 × 4 = 12)**

23. ചുവടെ നല്കിയിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ നെൽകൃഷിയും ഗോതമ്പു കൃഷിയും തമ്മിലുള്ള വ്യത്യാസങ്ങളെഴുതുക :

- പ്രധാന കാർഷിക കാലങ്ങൾ
- ഇവയുടെ ഉല്പാദനത്തിൽ മുന്നിട്ടു നില്ക്കുന്ന ഒരു സംസ്ഥാനം
- ഇവ പ്രധാനമായും കൃഷി ചെയ്യപ്പെടുന്ന കാലാവസ്ഥാ മേഖലകൾ
- ആഗോളതലത്തിൽ ഇവയുടെ ഉല്പാദനത്തിൽ ഇന്ത്യയുടെ പങ്ക്

24. ഇന്ത്യയിലെ ഏതെങ്കിലും രണ്ട് പ്രധാന വ്യാവസായിക മേഖലകളുടെ സവിശേഷതകൾ എഴുതുക.

25. വ്യവസായങ്ങളെ പൊതുവെ നാലു ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിക്കാം. അവ ഏതൊക്കെയെന്ന് പട്ടികപ്പെടുത്തി ഓരോന്നിനും രണ്ട് ഉദാഹരണങ്ങൾ വീതം എഴുതുക.

26. ഗതാഗതം എന്നത് നിർവ്വചിക്കുക. ഗതാഗത ദൂരം ഏങ്ങനെയൊക്കെ കണക്കാക്കാം ?

## SECTION – E

**(Question Nos. 27 and 28, Answer any one. 6 scores)** **(Scores : 1 × 6 = 6)**

27. Explain about the various types of subsistence agriculture.

28. The distribution of population is influenced by several factors. Discuss.

## SECTION – F

**(Identify and mark the following on the given outline map of India) :** **(Scores : 6 × 1 = 6)**

29. (a) The major jute producing state in India.
    (b) The major lignite field in Tamil Nadu.
    (c) The southern most software technology park in India.
    (d) The biggest container port in India.
    (e) The eastern most metropolitan city in India.
    (f) The geothermal power plant in India.

## SECTION – E

**(27 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. 6 സ്കോർ വീതം)** **(സ്കോർസ് : 1 × 6 = 6)**

27. വിവിധതരം ഉപജീവന കൃഷി രീതികളെക്കുറിച്ച് വിവരിക്കുക.

28. ജനസംഖ്യാ വിതരണത്തെ പല ഘടകങ്ങൾ സ്വാധീനിക്കുന്നു. ചർച്ച ചെയ്യുക.

## SECTION – F

**(ചുവടെ തന്നിട്ടുള്ള വിവരങ്ങൾ തിരിച്ചറിഞ്ഞ് നല്കിയിട്ടുള്ള ഇന്ത്യുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.)** **(സ്കോർസ് : 6 × 1 = 6)**

29. (a) ഇന്ത്യയിലെ മുഖ്യ ചണ ഉല്പാദക സംസ്ഥാനം.
    (b) തമിഴ്നാട്ടിലെ പ്രധാന ലിഗ്നൈറ്റ് പാടം.
    (c) ഇന്ത്യയിലെ തെക്കെയറ്റത്തുള്ള സോഫ്ടുവെയർ സാങ്കേതിക ഉദ്യാനം.
    (d) ഇന്ത്യയിലെ ഏറ്റവും വലിയ കണ്ടെയ്നർ തുറമുഖം.
    (e) ഇന്ത്യയിലെ ഏറ്റവും കിഴക്കുള്ള മെട്രോപൊളിറ്റൻ നഗരം.
    (f) ഇന്ത്യയിലെ ഭൗമതാപോർജ്ജ നിലയം.

**For Question No. 29**

